**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ : 0477 2251349; ഇ-മെയിൽ: prdalppy@gmail.com, വെബ്സൈറ്റ്: www.prd.kerala.gov.in**

---

**പത്രക്കുറിപ്പ് 1 ഭരണഭാഷ മാതൃഭാഷ 2018 ജൂലൈ 10 ചൊവ്വ**

---

# നെഹ്റു ട്രോഫി വള്ളം കളിയുടെ ഓഫീസ് ഉദ്ഘാടനം ചെയ്തു

- ആദ്യ ടിക്കറ്റ് ജില്ലാ കളക്ടർ കൈമാറി

ആലപ്പുഴ: പുന്നമടക്കായലിൽ നടക്കുന്ന 66ാമത് നെഹ്റു ട്രോഫി വള്ളം കളിയുടെ സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ജില്ലാ കളക്ടർ എസ്. സുഹാസ് ആലപ്പുഴ റവന്യൂ ഡിവിഷണൽ ഓഫീസ് അങ്കണത്തിൽ നിർവഹിച്ചു. ആർ.ഡി. ഓഫീസിനോട് ചേർന്നുള്ള കെട്ടിടത്തിലാണ് നെഹ്റു ട്രോഫി ബോട്ട് റേസ് ഓഫീസ് പ്രവർത്തിക്കുക. നെഹ്റുട്രോഫി വള്ളം കളിയുടെ ആദ്യ ടിക്കറ്റ് വിൽപ്പനയും ജില്ലാ കളക്ടർ നിർവഹിച്ചു. മൈ ട്രിപ്പ് ഹൗസ് ബോട്ട് ഉടമ നിയാസ് യൂനസിന് ആദ്യ ടിക്കറ്റ് കൈമാറി കൊ ാണ് കളക്ടർ ടിക്കറ്റ് വിൽപ്പന ഉദ്ഘാടനം ചെയ്തത്. ചടങ്ങിൽ എൻ.ടി.ബി.ആർ. സൊസൈറ്റി സെക്രട്ടറി വി ആർ കൃഷ്ണ തേജ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ എസ്.എം.ഇക്ബാൽ, എം.വി.അൽത്താഫ്, ജോസഫ് വല്ല്യായിക്കൽ, ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനിയർ ഹരൺബാബു, ജില്ലാ ഇൻഫർമേഷൻ ഓഫീസർ ചന്ദ്രഹാസൻ വടുതല, ടൂറിസം ഡെപ്യൂട്ടി ഡയറക്ടർ അഭിലാഷ്, ഡി.റ്റി.പി.സി.സെക്രട്ടറി മാലിൻ, അമ്പലപ്പുഴ തഹസിൽദാർ ആശാ സി.എബ്രഹാം, അബ്ദുൾ സലാം ഹബ്ബ തുടങ്ങിയവർ പങ്കെടുത്തു.

(പി.എൻ.എ. 1624/2018)

# മത്സ്യത്തൊഴിലാളികൾ കടലിൽ ഇറങ്ങരുത്

ആലപ്പുഴ: കേരള- ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റു ാകാൻ സാധ്യതയുള്ളതിനാൽ ജൂലായ് 11വരെ അറബിക്കടലിന്റെ തെക്ക് പടിഞ്ഞാറ്, മധ്യ-വടക്കൻ ഭാഗത്തും മത്സ്യത്തൊഴിലാളികൾ കടലിൽ ഇറങ്ങരുതെന്ന് കാലാവസ്ഥ നിരീക്ഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി.

(പി.എൻ.എ. 1625/2018)

# ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ ഒഴിവ്

ആലപ്പുഴ : കണ്ണൂർ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ ഒഴിവുവരുന്ന മുഴുവൻസമയ അംഗങ്ങളുടെ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ

അംഗീകൃത സർവകലാശാല ബിരുദം ഉള്ളവരും 35 വയസ്സോ അതിനു മുകളിലോ പ്രായമുള്ളവരും ധനതത്വം, നിയമം, കൊമേഴ്സ്, അക്കൗ ൻസി, വ്യവസായം, പൊതുകാര്യങ്ങൾ, ഭരണനിർവഹണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പത്തു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം ഉള്ളവരും ആയിരിക്കണം. നിയമന കാലാവധി അഞ്ച് വർഷം വരെയോ 65 വയസ്സുവരെയോ( ഏതാണോ ആദ്യം അതു വരെ) ആണ്. അപേക്ഷാ ഫോറത്തിന്റെ മാതൃക കളക്ടറേറ്റിലും ജില്ലാ സപ്ലൈ ഓഫീസിലും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലും www.consumeraffairs.kerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്. അപേക്ഷകർ ബയോഡാറ്റ , സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം നിശ്ചിതഫോറത്തിൽ ജൂലൈ 20 മുൻപ് ജില്ലാ കളക്ടർക്ക് നൽകണം.

(പി.എൻ.എ. 1626/2018)

## ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ വനിത നിയമനം

ആലപ്പുഴ : കണ്ണൂർ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ ഒഴിവുവരുന്ന മുഴുവൻസമയ അംഗങ്ങളുടെ നിയമനത്തിന് വനിതകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ അംഗീകൃത യൂണിവേഴ്സിറ്റി ബിരുദം ഉള്ളവരും 35 വയസ്സോ അതിനു മുകളിലോ പ്രായമുള്ളവരും ധനതത്വം, നിയമം, കൊമേഴ്സ്, അക്കൗ ൻസി, വ്യവസായം, പൊതുകാര്യങ്ങൾ, ഭരണനിർവഹണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പത്തു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം ഉള്ളവരും ആയിരിക്കണം. നിയമന കാലാവധി അഞ്ച് വർഷം വരെയോ 65 വയസ്സുവരെയോ( ഏതാണോ ആദ്യം അതു വരെ) ആണ്. അപേക്ഷാ ഫോറത്തിന്റെ മാതൃക കളക്ടറേറ്റിലും ജില്ലാ സപ്ലൈ ഓഫീസിലും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലും www.consumeraffairs.kerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്. അപേക്ഷകർ ബയോഡാറ്റ , സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം നിശ്ചിതഫോറത്തിൽ ജൂലൈ 20 മുൻപ് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കണം.

(പി.എൻ.എ. 1627/2018)

## വിദ്യാർഥികൾക്കുള്ള അവാർഡ് വിതരണവും അനുമോദന സമ്മേളനവും

ആലപ്പുഴ: ചെന്നിത്തല ജവഹർ നവോദയ വിദ്യാലയത്തിലെ പി.റ്റി.സിയുടെ ആഭിമുഖ്യത്തിൽ മികച്ച വിജയം കരസ്ഥമാക്കിയ വിദ്യാർഥികൾക്കുള്ള അവാർഡ് വിതരണവും അനുമോദന സമ്മേളനവും നടന്നു. പത്തനാപുരം മൗ ് ടാബോർ ട്രയിനിങ് കോളജ് അസോസിയേറ്റ് പ്രൊഫസർ ഡോ. റോസമ്മ ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ പി. വിക്രമൻ നായർ അധ്യക്ഷത വഹിച്ചു. 12-ാം ക്ലാസിൽ ഏറ്റവും കൂടുതൽ മാർക്ക് നേടി വിജയിച്ച കുമാരി സ്നേഹ സണ്ണി, 10-ാം ക്ലാസിൽ ഏറ്റവും കൂടുതൽ മാർക്ക് നേടി വിജയിച്ച മാസ്റ്റർ ശിവാനന്ദ് എന്നിവരെയും എല്ലാ വിഷയങ്ങൾക്കും ഏ വൺ ഗ്രേഡ് നേടി വിജയിച്ചവർക്കും ഓരോ വിഷയങ്ങൾക്കും മുൻപിൽ എത്തിയ വിദ്യാർഥികളെയും ചടങ്ങിൽ അനുമോദിച്ചു. എം.പി.യുടെ പ്രതിനിധി എം. ശ്രീകുമാർ, വാർഡ് മെമ്പർ ബിനു. സി.വർഗീസ്, പി.റ്റി.സി. മെമ്പർ

വിജയകുമാർ , വൈസ് പ്രിൻസിപ്പൽ സജിതുമാരി, അധ്യാപകനായ ടി.ബാഹുലേയൻ എന്നിവർ പ്രസംഗിച്ചു.

(പി.എൻ.എ. 1628/2018)

# ജില്ല സപ്ലൈ ഓഫീസ് :സി.യു.ജി.മൊബൈൽ നമ്പരുകൾ ആയി

ആലപ്പുഴ: സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം, ദേശിയ ഭക്ഷ്യസുരക്ഷാനിയമം 2013 എന്നിവയുടെ ഭാഗമായി ജില്ലയിലെ ജില്ല സപ്ലൈ ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർമാർ, അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർമാർ, റേഷനിങ് ഇൻസ്‌പെക്ടർമാർ എന്നിവർക്ക് ക്ലോസ്ഡ് യൂസർ ഗ്രൂപ്പ് പ്രകാരമുള്ള മൊബൈൽ നമ്പരുകൾ അനുവദിച്ചിട്ടു ്. ബന്ധപ്പെടേ ഓഫീസ്, ഫോൺ നമ്പർ എന്നിവ ചുവടെ. ജില്ലാ സപ്ലൈ ഓഫീസർ, ആലപ്പുഴ- 9188527318, താലൂക്ക് സപ്ലൈ ഓഫീസർ, കാർത്തികപ്പള്ളി-9188527352, മാവേലിക്കര,-9188527353, ചെങ്ങന്നൂർ- 9188527354, കുട്ടനാട്-9188527355 അമ്പലപ്പുഴ -9188527356 ചേർത്തല- 9188527357. അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർ, കാർത്തികപ്പള്ളി - ഒന്ന്-9188527442, കാർത്തികപ്പള്ളി -ര -9188527443, മാവേലിക്കര-9188527445, ചെങ്ങന്നൂർ-9188527446, കുട്ടനാട്-9188527448, അമ്പലപ്പുഴ-9188527449. ചേർത്തല ഒന്ന്- 9188527450, ചേർത്തല ര ്- 9188527451. റേഷനിങ് ഇൻസ്‌പെക്ടർ, മുതുകുളം- 9188527618, കാർത്തികപ്പള്ളി- 9188527619, തൃക്കുന്നപ്പുഴ-9188527620, കരുവാറ്റ-9188527621, ഹരിപ്പാട്-9188527622, കായംകുളം-9188527623, മാവേലിക്കര-9188527624, തഴക്കര- 9188527625, തെക്കേക്കര -9188527626, ഭരണിക്കാവ് -9188527628, താമരക്കുളം 9188527629, ചെങ്ങന്നൂർ ടൗൺ- 9188527630, മാന്നാർ- 9188527631, പാ നാട് -9188527632, നെടുമുടി -9188527633, എടത്വ- 9188527634, പുളിങ്കുന്ന് -9188527635, അമ്പലപ്പുഴ -9188527636, അമ്പലപ്പുഴ ടൗൺ നോർത്ത് - 9188527637, അമ്പലപ്പുഴ ടൗൺ സൗത്ത് -9188527638, മാരാരിക്കുളം- 9188527639, മുനിസിപ്പാലിറ്റി -9188527640, കഞ്ഞിക്കുഴി -9188527641, ചേർത്തല സൗത്ത് -9188527642, അരൂർ- 9188527643, തൈക്കാട്ടുശ്ശേരി- 9188527644,കുത്തിയതോട് -9188527645.

(പി.എൻ.എ. 1629/2018)

# ക്വട്ടേഷൻ ക്ഷണിച്ചു

ആലപ്പുഴ: ഗവ. റ്റി.ഡി മെഡിക്കൽ കോളജിലെ പത്തോളജി വിഭാഗത്തിലേക്ക് യു.പി.എസ് (മൂന്ന് കെ.വി.എ) വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ ജൂലൈ 18 ഉച്ചയ്ക്ക് 12 വരെ സ്വീകരിക്കും. അന്നേ ദിവസം 2.30ന് തുറക്കും. ക്വട്ടേഷൻ പ്രിൻസിപ്പൽ, ഗവ. റ്റി.ഡി മെഡിക്കൽ കോളജ് ആലപ്പുഴ 688005 എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ :0477 2282015.

(പി.എൻ.എ. 1630/2018)

## വാർഷിക പദ്ധതി: ജില്ലാതല അവലോകനയോഗം 12ന്

ആലപ്പുഴ: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി കാര്യക്ഷമമാക്കുന്നതിനും പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനും ജില്ലാതല അവലോകനയോഗം ജൂലൈ 12ന് ഉച്ചയ്ക്കുശേഷം ര ിന് കായംകുളം ടൗൺ ഹാളിൽ കൂടും.

(പി.എൻ.എ. 1631/2018)

## ഗവ. ഐ.ടി.ഐയിൽ പ്രവേശന കൗൺസിലിങ് ജൂലൈ 17ന്

ആലപ്പുഴ: കായംകുളം ഗവ. ഐ.ടി.ഐയിൽ ഓഗസ്റ്റ് അഡ്മിഷനായുള്ള പ്രവേശന കൗൺസിലിങ് ജൂലൈ 17ന് രാവിലെ എട്ടു മുതൽ കായംകുളം കാദീശാ ഓർത്തഡോക്സ് പള്ളി ഓഡിറ്റോറിയത്തിൽ നടത്തും. പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന ജനറൽ, ഈഴവ, ഒ.ബി.എക്സ്, മുസ്ലീം, എൽ.സി, ടി.എച്ച്..എസ്, സ്പോർട്സ്, പി.എച്ച് എന്നീ കാറ്റഗറിയൽപ്പെട്ടവർ 180 ഇൻഡക്സ് മാർക്കുവരെയും ഒ.ബി.എച്ച്. കാറ്റഗറി 170 ഇൻഡക്സ് മാർക്കുവരെയും എസ്.സി കാറ്റഗറി 160 ഇൻഡക്സ് മാർക്കുവരെയും എസ്.റ്റി, ജവാൻ കാറ്റഗറിയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാ അപേക്ഷകരും ജൂലൈ 17ന് രാവിലെ എട്ടു മുതൽ 10.30 വരെ രജിസ്ട്രേഷൻ നടത്തണം. രജിസ്ട്രേഷൻ നടത്തിയ അപേക്ഷർ 12 മുതൽ കൗൺസിലിങിന് ഹാജരാകണം. അപേക്ഷകർ ടി.സി. ആധാർ കാർഡ്, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റ്, അഡ്മിഷൻ ഫീസ്, ര ് ഫോട്ടോ സഹിതം രക്ഷകർത്താവിനോടൊപ്പം ഹാജരാകണം. പ്രവേശനത്തിനുള്ള താൽക്കാലിക റാങ്ക് ലിസ്റ്റ് www.itikayamkulam.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടു ്. വിശദവിവരത്തിന് ഫോൺ: 0479- 2442900, 9496330885, 944731165.

(പി.എൻ.എ. 1632/2018)

## ക്ഷയരോഗ നിർണയ സംവിധാന വാഹനം പര്യടനം; ജൂലൈ 12മുതൽ

ആലപ്പുഴ: അത്യാധുനിക ക്ഷയരോഗ നിർണയ സംവിധാനം എല്ലാവർക്കും എത്തിക്കുകയെന്ന ലക്ഷ്യത്തോടെ ക്ഷയരോഗ നിർണയ സംവിധാനം ഉള്ള വാഹനം ജൂലൈ 12 മുതൽ 25 വരെ ആലപ്പുഴയിൽ പര്യടനം നടത്തും. കഫ പരിശോധനയിലൂടെ ക്ഷയരോഗം വളരെ നേരത്തെ ക ുപിടിക്കാൻ ഉതകുന്ന സി.ബി.എൻ.എ.എ.ടി എന്ന ആധുനിക സംവിധാനമാണ് വാഹനത്തിലുള്ളത്. സൗകാര്യമേഖലയിൽ അയ്യായിരം രൂപ വരെ ഈടാക്കുന്ന ഈ പരിശോധന സൗജന്യമായാണ് ജനങ്ങൾക്ക് ലഭ്യമാക്കുന്നത്. 12ന് കുറത്തികാട്, 13ന് വള്ളികുന്നം, 14ന് പത്തിയൂർ, 16ന് കൃഷ്ണപുരം, 17ന് ആറാട്ടുപുഴ, 18ന് എടത്വ, 19ന് മാന്നാർ, 20ന് വെൺമണി, 21 ന് ചമ്പക്കുളം, 23ന് കടക്കരപ്പള്ളി, 24ന് പാണാവള്ളി, 25ന് അരൂർ എന്ന രീതിയിൽ വാഹനം സർക്കാർ

ആരോഗ്യ സ്ഥാപനങ്ങളോട് ചേർന്ന് പ്രവർത്തിക്കും. ക്ഷയരോഗമുണ്ടെന്ന് സംശയിക്കപ്പെടുന്നവർ ഡോക്ടർമാർ വഴി സംവിധാനം പ്രയോജനപ്പെടുത്തണമെന്ന് ജില്ല ടി.ബി.ഓഫീസർ അറിയിച്ചു.

(പി.എൻ.എ. 1633/2018)

# ചെങ്ങന്നൂരിൽ മികച്ച വിദ്യാലയങ്ങൾക്കും വിദ്യാർത്ഥിപ്രതിഭകൾക്കും ആദരം

ആലപ്പുഴ: ചെങ്ങന്നൂർ വിദ്യാഭ്യാസ ഉപജില്ലയിലെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ പ്രവർത്തനങ്ങളുടെ ഫലമായി 2018-19 അക്കാദമിക വർഷത്തിൽ ഒന്നാം ക്ലാസ്സിൽ ഏറ്റവും കൂടുതൽ കുട്ടികൾക്ക് പ്രവേശനം നൽകിയ വിദ്യാലയങ്ങളെ സമഗ്ര ശിക്ഷ അഭിയാൻ ബി.ആർ.സി ചെങ്ങന്നൂരിന്റെ ആഭിമുഖ്യത്തിൽ അനുമോദിച്ചു.സജി ചെറിയാൻ എംഎൽഎ ഉദ്ഘാടനം ചെയ്തു.ഉപജില്ലാതല വായനപക്ഷാചരണ സമാപനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച യോഗത്തിൽ അവധിക്കാല അധ്യാപക പരിശീലനം വിജയകരമായി പൂർത്തീകരിക്കാൻ നേതൃത്വം വഹിച്ച ആർ.പിമാരേയും പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ജില്ലാ കോർഡിനേറ്ററായി ചുമതലയേറ്റ എ.കെ പ്രസന്നനേയും ആദരിച്ചു. എൽ.എസ്.എസ്, യു.എസ്.എസ് സ്കോളർഷിപ്പ് പരീക്ഷയിലും വായനാമത്സരത്തിലും തിളക്കമാർന്ന വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ അനുമോദിക്കുകയും ചെയ്തു.പുലിയൂർ പഞ്ചായത്ത് പ്രസിഡന്റ് റ്റി.റ്റി.ഷൈലജ അദ്ധ്യക്ഷത വഹിച്ചു. ബ്ലോക്ക് പ്രോഗ്രാം ആഫീസർ .ജി.കൃഷ്ണകുമാർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സുധാമണി, ജില്ലാ പഞ്ചായത്ത് അംഗം ജോജി ചെറിയാൻ, ഡയറ്റ് സീനിയർ അധ്യാപിക ഡോ.ഗീതാലക്ഷ്മി, ചെങ്ങന്നൂർ താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി ഷാജ്ലാൽ തുടങ്ങിയവർ പങ്കെടുത്തു.

(പി.എൻ.എ. 1634/2018)

# പി.എസ്.സി; ഇ-ഓഫീസ് ഉദ്ഘാടനം

ആലപ്പുഴ: കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഇ-ഓഫീസ് വൽക്കരണത്തിന്റെ ഭാഗമായി ജില്ലാ ഓഫീസും ഇ-ഓഫീസ് ആക്കുന്നു.11ന് രാവിലെ 10.30ന് കമ്മീഷനംഗം മുഹമ്മദ് മുസ്തഫ കടമ്പോട്ട് ഉദ്ഘാടനം നിർവഹിക്കും.

(പി.എൻ.എ. 1635/2018)

# ധനസഹായം കൈപ്പറ്റുന്നവർ രേഖകൾ ഹാജരാക്കണം

ആലപ്പുഴ: സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന ആശ്വാസകിരണം പദ്ധതി പ്രകാരം നിലവിൽ ധനസഹായം കൈപ്പറ്റി വരുന്ന ഗുണഭോക്താക്കൾ ആധാർ കാർഡിന്റ പകർപ്പ്, ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങളുടെ പകർപ്പ്, ഫോൺ നമ്പർ എന്നിവ ഇതുവരെ ശിശുവികസനപദ്ധതി ഓഫീസർ/ഐ.സി.ഡി.എസ് സൂപ്പർവൈസർ/ അങ്കണവാടി വർക്കർ ഏൽപ്പിച്ചിട്ടില്ലെങ്കിൽ ജൂലൈ 15നകം ബന്ധപ്പെട്ട

ശിശുവികസന പദ്ധതി ഓഫീസർക്ക് അയച്ചു കൊടുക്കണം . വിശദമായ വിവരങ്ങൾ അറിയുന്നതിന് സാമൂഹ്യ സുരക്ഷാമിഷൻ ജില്ല കോ-ഓർഡിനേറ്ററെ ഫോൺ നമ്പരിൽ ബന്ധപ്പെടണം. വിലാസം : ജില്ല കോ- ഓർഡിനേറ്റർ, വയോമിത്രം പ്രോജക്ട്, വെറ്റിനറി പോളിടെക്നിക്കിന് സമീപം, എക്സ്റേ ജങ്ഷൻ, ചേർത്തല- 688524 . ഫോൺ: 9645005042.

(പി.എൻ.എ. 1636/2018)

//തുടരും//